June: 2

# KGBEU OU ബുള്ളറ്റിൻ 30/2022

സഖാക്കളെ,

ജമ്മു കശ്മീരിലെ ഇലാഖി ദേഹാത്തി ഗ്രാമീൺ ബാങ്ക് മാനേജരായ വിജയ്കുമാറിനെ ഭീകരർ ബ്രാഞ്ചിനുള്ളിൽ വെടിവച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ കടുത്ത വേദനയും ശക്തമായ പ്രതിഷേധവും പങ്കുവയ്ക്കുകയാണ്. ബ്രാഞ്ചിനുള്ളിലേക്ക് കടന്നുവന്ന ഭീകരൻ പ്രകോപനമേതും കൂടാതെ മാനേജർക്ക് നേരെ നിറയൊഴിക്കുകയായിരുന്നുവെന്നാണ് cctv ദൃശ്യങ്ങളിൽ നിന്നും വ്യക്തമാവുന്നത്. വിജയ്കുമാർ രാജസ്ഥാൻ സ്വദേശിയാണ്. 2019 മുതൽ ബാങ്കിൽ ജോലിചെയ്തുവരികയായിരുന്നു. ഇരുപത്തൊൻപത് വയസ്സായിരുന്നു പ്രായം.

രാജ്യത്തിന്റെ വിവിധ മേഖലയിൽനിന്നുള്ള നിരവധി ജീവനക്കാർ കശ്മീരിന്റെ വിവിധ പ്രദേശങ്ങളിൽ ബാങ്കിംഗ് ഉൾപ്പെടെയുള്ള സേവന മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അടുത്തകാലത്തായി നിരായുധരായ സാധാരണക്കാർക്കും തദ്ദേശീയരല്ലാത്തവർക്കും നേരെയുള്ള ആക്രമണങ്ങൾ കശ്മീരിൽ വർദ്ധിച്ചുവരികയാണ്. കഴിഞ്ഞദിവസമാണ് സാംബ ജില്ലയിലെ അധ്യാപികയെ തീവ്രവാദികൾ കൊലപ്പെടുത്തിയത്. ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തൊഴിലിടങ്ങളിൽ മതിയായ സുരക്ഷ ഉറപ്പുവരുത്തണമെന്ന് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുകയാണ്. വിജയ്കുമാറിന്റെ വിയോഗത്തെ തരണം ചെയ്യുവാൻ അദ്ദേഹത്തിന്റെ കുടുംബത്തിന് സാധിക്കട്ടെ. അദ്ദേഹത്തിന്റെ ഓർമകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ